LIBRARY ARCHIVES Kerala Legislative Assembly

കണ്ണൂർ ജില്ലാ മൊത്തവ്യാപാര സഹകരണ കൺസ്യൂമർ സ്റ്റോർ സംരക്ഷിക്കാൻ നടപടി

145 [2272] ശ്രീ. ടി. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ ജില്ലാ മൊത്ത വ്യാപാര ഉപഭോക്തൃ സഹകരണ സ്റ്റോർ അഭിമുഖീകരിക്കുന്ന ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ ഇടപ്പെട്ടുകൊണ്ട് കൈക്കൊണ്ട നടപടികൾ വെളിപ്പെടുത്തുമോ;

(സി) ഈ സ്ഥാപനം മെച്ചപ്പെടുത്തുന്നതിന് കേന്ദ്ര ഏജൻസികളുമായി ഏതെങ്കിലും തരത്തിലുള്ള ചർച്ചകൾ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഡി) എൻ.സി.ഡി.സി.-യുമായി ബന്ധപ്പെട്ട് ദിർഘകാല വായ്പകൾ ലഭ്യമാക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സ്റ്റോറിന്റെ പുനരുദ്ധാരണത്തിനു വേണ്ടി സഹകരണസംഘം രജിസ്ട്രാർ ഒരു പ്രോജക്ട് റിപ്പോർട്ട് അംഗീകാരത്തിനായി സർക്കാരിന് നൽകിയിരുന്നു. എന്നാൽ, പ്രസ്തുത റിപ്പോർട്ടിൽ ചില ഭേദഗതികൾ വരുത്തി സമർപ്പിക്കുവാൻ സഹകരണസംഘം രജിസ്ട്രാറോട് ആവശ്യപ്പെടുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ പുതുക്കിയ പ്രോജക്ട് റിപ്പോർട്ട് സമർപ്പിക്കാൻ സ്റ്റോറിനോട് നിർദ്ദേശിച്ചിരുന്നെങ്കിലും പ്രോജക്ട് റിപ്പോർട്ട് ഇതുവരെ സമർപ്പിച്ചിട്ടില്ല. കൂടാതെ, സർക്കാരിലേയ്ക്ക് സ്റ്റോർ നൽകാനുള്ള ഓഹരി, വായ്പ ഇനത്തിലുള്ള തുകകൾക്ക് 1-4-1989 മുതൽ 12 വർഷത്തേയ്ക്ക് മോറോട്ടോറിയം പ്രഖ്യാപിച്ചിരുന്നു.

(സി) ഇല്ല.

(ഡി) എൻ.സി.ഡി.സി.-യുമായി ബന്ധപ്പെട്ട ദീർഘകാല വായ്പ ലഭ്യമാക്കുന്നതിന് സ്റ്റോർ അപേക്ഷിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

പരിയാരം മെഡിക്കൽ കോളേജിലെ വിദ്യാർത്ഥി പ്രവേശനം

146 [2273] ശ്രീ. കെ.കെ.നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ ഭരണനിയന്ത്രണം മാറിയതിനുശേഷം ഇതേവരെ ഓരോ വർഷവും പരിയാരത്തെ കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ആശുപത്രി കോപ്ലക്സ് സൊസൈറ്റി നടത്തുന്ന മെഡിക്കൽ കോളേജിൽ ഏതെല്ലാം കോഴ്സുകളിലേക്ക് എത്ര വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകിയെന്ന് വെളിപ്പെടുത്താമോ;